# ദേശീയതയും ജനകീയതയും ഇടശ്ശേരിക്കവിതയിൽ

കെ. സച്ചിദാനന്ദൻ

"ഞാനൊരു കർഷകനത്രേ
നട്ടുവളർത്തുന്നു ഞാൻ കരിമ്പിവിടെ
മധുരം നിർവൃതികരമുരു-
മാധ്വി തുടിക്കുന്നുമുണ്ടിതിൻ തണ്ടിൽ"
- ഇടശ്ശേരി ( പ്രസ്താവന')

കേരളചരിത്രത്തിന്റെ ഒരു സവിശേഷ സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക സന്ധിയിലേക്കു പിറന്നുവീഴുകയും ആ സന്ധിയുടെ ഘടനാപരമായ വൈരുധ്യങ്ങളെ സ്വന്തം ആത്മസംഘർഷങ്ങളെന്നപോലെ ഉത്കടമായനുഭവിക്കുകയും ചെയ്തുകൊണ്ട് ആ ചരിത്രമുഹൂർത്തത്തിൽവെച്ച് മലയാളികളുടെ സ്വത്വബോധത്തെ സൗന്ദര്യാത്മകമായി നിർവചിക്കാൻ ശ്രമിച്ച കവിയാണ് ഇടശ്ശേരി. തന്റെ വർഗവും പ്രദേശവും മലയാള കാവ്യവ്യവഹാര ചരിത്രത്തിലെ തന്റെ സന്ദർഭവും അനുഭവ-പാരായണ-പരിശീലനങ്ങളിൽനിന്ന് താൻ രൂപപ്പെടുത്തിയെടുത്ത കാവ്യപ്രത്യയശാസ്ത്രത്തിന്റെ പ്രത്യേകതകളും ഇടശ്ശേരിക്കവിതകളുടെ പ്രതിഭാസ്വരൂപത്തെ ഇതര സമകാലീനകവികളുടേതിൽനിന്നു വ്യത്യസ്തമാക്കി.

ഇടശ്ശേരിയുടെ അടിസ്ഥാനവർഗാനുഭാവം ശക്തവും പ്രത്യക്ഷവുമായി സാക്ഷ്യപ്പെടുത്തുന്ന കവിതകളാണ്, പുത്തൻകലവും അരിവാളും', 'പണിമുടക്കം', 'കുടിയിറക്കൽ', 'കാളവണ്ടി', 'ഊർച്ചയും വിത്തൂന്നലും', 'ചകിരിക്കുഴികൾ', 'നാളത്തെപാട്ട്', 'അഭിനന്ദനം', 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' തുടങ്ങിയവ. വിളജപ്തിയിലും കുടിയൊഴിക്കലിലും ആവിഷ്കൃതമായിരുന്ന ജന്മിത്വത്തിന്റെ ക്രൂരതയും സ്വന്തം ദുരിതങ്ങൾക്കെതിരെ പ്രതികരിക്കാനാരംഭിക്കുന്ന തൊഴിലാളികളുടെ രണോത്സുകമായ ഐക്യബോധവും യാന്ത്രികോൽപ്പാദനത്തിന്റെ യുഗത്തിൽ നിരാലംബരാക്കപ്പെടുന്ന കൈവേലക്കാരുടെ നൈരാശ്യവും നഗരസംസ്കാരത്തോടുള്ള സംശയം കലർന്ന നീരസവും സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ പഴയ മൂല്യങ്ങൾ നേരിടുന്ന പ്രതിസന്ധിയുമെല്ലാം കേരളീയ ജീവിതത്തിന്റെ ഒരു സംക്രമണഘട്ടത്തിന്റെ വ്യത്യസ്തമുഖങ്ങളെന്ന നിലയിൽ ഇടശ്ശേരിക്കവിതയിൽ തീക്ഷ്ണമായി വാഗ്മീകരിക്കപ്പെടുന്നു. തന്റെ കവിതയുടെ നിർവചനഘട്ടത്തിലുടനീളം ഇടശ്ശേരി ഏതാണ്ടു മുഴുവനായും പൊന്നാനിക്കാരനാണ്; തന്റെ നാട്ടിൻപുറത്തെ അനുഭവങ്ങളുടെ ഉഷ്ണമാപിനിയിലൂടെ അദ്ദേഹം ഒരു കാലഘട്ടത്തിന്റെ ചൂടും തണുപ്പും അളന്നുകാണിക്കുന്നു. തത്വചിന്തയിലേക്കും സാർവജനീനമായ മനുഷ്യസ്നേഹത്തിലേക്കും സാമൂഹ്യപരിവർത്തനത്തിലേക്കും മോക്ഷത്തിലേക്കുമുള്ള ഇടശ്ശേരിയുടെ വഴി പൊന്നാനിയിലൂടെ കടന്നുപോകുന്നു. ദൂരദർശിനിയെക്കാൾ സൂക്ഷ്മദർശിനിയുടെ രീതിയിൽ പ്രവർത്തിക്കുന്ന ഈ ഭാവന തന്റെ പരിചയവലയത്തിലുള്ള കർഷകരെയും തൊഴിലാളികളെയും ഇടത്തരം ഗ്രാമീണ ഗൃഹസ്ഥരെയും വധുക്കളെയും കാമുകീകാമുകന്മാരെയും വീരനായകരും നായികമാരും ദാർശനികരുമായി രൂപാന്തരം ചെയ്യുന്നു. ചിലപ്പോൾ അത് 'കാളവണ്ടി'യിലെന്നപോലെ, ആൽച്ചുവട്ടിൽ കിടക്കുന്ന ഒരു കാളവണ്ടിയുടെയും തകർന്ന ഒരു പുരത്തറയുടെയും വർത്തമാനശൂന്യതയെ സ്മൃതിരൂപങ്ങൾകൊണ്ട് ജനനിബിഡമാക്കുന്നു: അതിൽ ദാമോദരനെന്ന വണ്ടിക്കാരനും 'മൂർത്തധർമചരിതങ്ങളെ'പ്പോലെ അവനെ നയിക്കുന്ന രണ്ടു കാളകളും, വണ്ടിയിൽ പുസ്തകങ്ങൾ വെച്ച് പിറകേ പോകുന്ന സ്കൂൾകുട്ടികളും, അകത്തെ നവദമ്പതികളും വണ്ടിക്കാരന്റെ ചിന്തയിലുള്ള, അവനെ കാത്തിരിക്കുന്ന ഒരു 'കളകീരക'വും വന്നു നിറയുന്നു.

'പുത്തൻകലവും അരിവാളും' പോലൊരു കവിതയിൽ ആഖ്യാനാത്മക ഭാവനയുടെ രാഷ്ട്രീയവൽകരണം നാം കാണുന്നു. ഈ കവിത ബോധജാഗ്രതകൊണ്ടും ശൈലീസാരള്യംകൊണ്ടും മലയാളത്തിലെ ആദ്യത്തെ ആധുനിക ജനകീയ കവിതകളിലൊന്നായിത്തീരുന്നു. ഇവിടെ നാടോടിക്കവിതകളുടെ സംസ്കാരം പുതിയ കാലത്തിന്റെ ഊർജം നേടി അങ്കക്കലി കൊണ്ടു വെളിച്ചപ്പെടുന്നു.

കേരളത്തിന്റെ കരശിൽപ്പവിരുതിന്റെ പ്രതീകമായ ചകിരിക്കയറിന്റെ സൗന്ദര്യവും ആ കയർ വിളയുന്ന ചകിരിക്കുഴികളിലെ ജീവിതത്തിന്റെ ദുശ്രവ താളങ്ങളും തമ്മിലുള്ള വൈരുധ്യത്തിലൂ

ടെ, അഴുകിയ തൊണ്ടിൽനിന്നു പൊൻശലാകകൾ രചിക്കുന്ന മനുഷ്യരുടെ ദുരിതം കവി ഏററു പാടുന്നു.

പുതിയ തലമുറയ്ക്ക് അപരിചിതമായേക്കാവുന്ന കുടിയിറക്കലുകളുടെ വ്യാകുല രംഗങ്ങളെ, ഇടശ്ശേരി അഗാധമായ വികാരങ്ങളുടെ അടിത്തറയിൽ പുനഃസ്വരൂപിക്കുന്നു.

‘പ്രിയതരം ഞങ്ങൾക്കപ്പുരയിടം, സ്വർഗവും
പകരം കൊടുക്കാമതിന്നുവേണ്ടി
അവിടെജനിച്ചുഞാനവിടെവളർന്നുഞാ-
നവിടെക്കിടന്നു താൻ മൃതി മോഹിപ്പു’

പ്രപിതാമഹരുടെ സ്മരണയെ സ്വന്തം യൗവനസ്മൃതികളുമായി സമന്വയിപ്പിച്ച് മണ്ണിനോടുള്ള തന്റെ ചിരന്തനാഭിമുഖ്യം പ്രകടിപ്പിക്കുന്ന കർഷകന്റെ അന്ത്യാഭിലാഷം കർമവിവശമായ തന്റെ ഉടൽ ഒരട്ടിമണ്ണിനാൽ പുതപ്പിച്ച് ഋതുക്കളുടെ കാൽപ്പെരുമാററമറിഞ്ഞ് അതേപുരയിടത്തിൽ അന്തിമവിശ്രാന്തികൊള്ളുകയെന്നതാണ്. അങ്ങനെ കുടിയിറക്ക് ഹൃദയത്തിന്റെ തന്നെ കാര്യമായി മാറുന്നു. ‘ഉടമസ്ഥൻ, ഉടമസ്ഥൻ ഒരുതരി മണ്ണിന്നുമുടമസ്ഥനുണ്ടിപ്പരന്ന പാരിൽ, കഴൽവെപ്പു താണ്ടേണ്ടു മൊരു പിടിമൺപോലും കടമായിട്ടല്ലയോ കൈവരുന്നു’ എന്നിങ്ങനെ കുടിയിറക്കപ്പെടുന്നവന്റെ രോഷം അണപൊട്ടുമ്പോൾ കവി ലോകമെമ്പാടും സ്വന്തം മണ്ണിൽ അടിമയാക്കപ്പെടുകയോ, അടിച്ചിറക്കപ്പെടുകയോ ചെയ്യുന്ന മനുഷ്യരുടെ മുഴുവൻ ഐക്യത്തിനായുള്ള ആഹ്വാനത്തിലേക്ക് ആ രോഷത്തെ വിസ്തരിക്കുന്നു.

‘പണിമുടക്കം’, ‘കുടിയിറക്കലി’ന്നൊരു മറുപടിയാണ്. ‘കുഴിവെട്ടിമൂടുകവേദനകൾ, കുതികൊൾക ശക്തിയിലേക്കു നമ്മൾ’ എന്ന, സമുദായത്തിന്റെ പൂതലിച്ച അസ്തിവാരത്തെ തകർക്കുന്ന രണഗീതിയുമായി മർദനങ്ങളേററുവാങ്ങി പട്ടിണി കടിച്ചിറക്കി പ്രക്ഷോഭരംഗത്തുറച്ചുനിൽക്കുന്ന രാമന്റെ ചിത്രം ഒരു കാലഘട്ടത്തിന്റെ ആദർശോജ്വലത മുഴവനുൾക്കൊള്ളുന്നു. നീതിക്കായി അലമുറയിടുന്ന തൊഴിലാളികളെ നിർദയം അവഗണിച്ച്, സന്താനലാഭയജ്ഞമനുഷ്ഠിച്ച് പാവങ്ങൾക്കു സദ്യ നൽകുന്ന മുതലാളിയുടെ കപടനാട്യവും, അവസാനത്തെ സന്തതിയെയും കുഴിവെട്ടിമൂടി ചുടുരക്തം ചാടുന്ന മിഴിയോടെ വീണ്ടും ശക്തിമന്ത്രമുരുവിടുന്ന തൊഴിലാളിയുടെ അദമ്യവീര്യവും തമ്മിലുള്ള ഏററുമുട്ടലിലൂടെ നവസമുദായ സൃഷ്ടിയുടെ വേദനയും ചൈതന്യവും ഇടശ്ശേരി അവതരിപ്പിക്കുന്നു. മരിച്ചുപോയ മീൻകാരൻ കുഞ്ഞൂസയുടെ തളരാത്ത കർമൗത്സുക്യത്തെ വാഴ്ത്തുകയും ഒപ്പം അവൻ വിതച്ച വിത്തുകൾ മുളയ്ക്കാത്തതിനെച്ചൊല്ലി അമ്പരക്കുകയും വിത്തിറക്കും മുൻപ് നിലം നിരപ്പാക്കാത്തതുകൊണ്ടാണ് അതെന്നു തിരിച്ചറിയുകയും വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ വിഷവല്ലിക്കേപററൂ വേരൂന്നിപ്പിടിക്കുവാൻ’ എന്ന് ആത്മഗതം നടത്തുകയും ചെയ്യുന്ന കവി (‘ഊർച്ചയും വിത്തൂന്നലും’) ആഖ്യാനത്തിൽനിന്ന് ധ്യാനത്തിലേക്കു കാലൂന്നുന്നു.

പീഡിതരോടുള്ള തന്മയീഭാവം ഇടശ്ശേരിക്കവിതയിൽ മററൊരു രൂപത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വാതന്ത്ര്യസമരഘട്ടം ഉയർത്തിക്കൊണ്ടുവന്ന പ്രധാനമൂല്യങ്ങളിലൊന്നായ സ്ത്രീസമത്വബോധത്തിന്റെ രൂപത്തിൽ. തന്റെ അരിക്കിഴി തട്ടിക്കളഞ്ഞ് തന്നെ മാനം കെടുത്താൻ മുതിർന്ന റൗഡിയുടെ ഹുങ്ക്, തന്റെ ജോലി തട്ടിപ്പറിച്ച മില്ലിന്റെ സൈറനായി ഭീകരാകാരം പൂണ്ടു പുനർജനിക്കുന്നതു കണ്ടു ബോധമററു പോകുന്ന ‘നെല്ലുകുത്തുകാരി പാറു’വിന്റെ ദൈന്യം, യാന്ത്രികാധ്വാനത്തിന്റെ യുഗത്തിലെ കൈത്തൊഴിൽക്കാരുടെ ദീനാവസ്ഥയെ ശരിക്കും സംക്ഷേപിക്കുന്നുണ്ട്. ‘തേവിത്താണ കുളംപോലാ’യ ഒരനാഥയുടെ ജീവിതമാണ് ‘പെങ്ങളി’ലെ പ്രതിപാദ്യം. അനുജന്നായി കാമുകനെയും നാടിനെയും ത്യജിച്ച അവൾ, അതേ അനുജനാൽ പുറന്തള്ളപ്പെടുന്ന അവസ്ഥയിലെ ദൈന്യത്തെക്കാൾ ‘തെരുവിൽ കൂർത്തചരൽക്കല്ലുകളിൽ ജീവിതരക്തം പാററി’ക്കൊണ്ട് അവൾ ‘കരുതിയിറങ്ങു’ന്നതിലെ ധീരതയും സ്നേഹവും അഭിമാനബോധവുമാണ് കവി ഇവിടെ ഊന്നുന്നതെന്നു തോന്നാം. ‘തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’ എന്ന കവിതയിലെ കുമ്മിണി, വിധിവിശ്വാസിയായ പിതാവിനും ചരിത്രവിശ്വാസിയായ സഹോദരനുമിടയിൽ ‘നനയററ പടർവാഴത്തെ’ പോലെ രണ്ടും കെട്ടിരിക്കുന്നവളാണ്. ആ തത്വജ്ഞാനങ്ങളുറക്കം പിടിക്കുമ്പോൾ ഒരു രാത്രി അവൾ ആ വീടിന്റെ തടവറയിൽനിന്ന് ഭാഗ്യതാരകപോലെ മിന്നുന്ന അടയാളദീപംനോക്കി, അമ്മ കയറിവന്ന, മണൽമുററത്തൂടെ ഇറങ്ങിപ്പോകുന്നു’. ഈ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ വേറൊരു വശമാണ് ‘വിവാഹസമ്മാന’ത്തിലുള്ളത്. തന്റെ ബാല്യകാലസ്നേഹിതൻ അനുജത്തിയെ വിവാഹം കഴിക്കാനെത്തുമ്പോൾ വിവാഹരാത്രിയിൽ, ‘നവദമ്പതികൾക്കു സമ്മാനം നൽകാൻ പൂപറിക്കാനായി ചേച്ചി കുളത്തിലിറങ്ങി’ എന്ന് വീട്ടുകാരോടു പറയാൻ അനുജനെ ഏൽപ്പിച്ച് അവന്റെ ചിരി അന്ത്യസമ്മാനമായി വാങ്ങി വീട്ടുകാർക്ക് ഭാരമായി മാറിയ തന്റെ ജീവിതമൊടുക്കുന്ന ഏട്ടത്തിയുടെ അവസാനകൃത്യം സാഹസികവും നിർദാക്ഷിണ്യവുമായ ഒരു പ്രതിക്രിയയാണ്. ശ്വാസംമുട്ടിക്കുന്ന കുടുംബഘടനയിൽ ഭ്രഷ്ടകാമുകിമാരും അവിവാഹിതകളുമനുഭവിക്കുന്ന നിശ്ശബ്ദപീഡനവും കവി ഇവിടെ സൂചിപ്പിക്കുന്നുണ്ട്- പൊതുവേ കുടുംബസ്ഥാപനത്തെ മഹത്വവത്കരിക്കുന്ന

ഒരു കവിയാണ് ഇടശ്ശേരി എന്നിരിക്കെ, ഈ യാദൃച്ഛികത്വം ശ്രദ്ധേയമായിത്തീരുന്നു. കല്യാണപ്പുടവ'യിലുള്ളത് അഭിമാനവും ദാരിദ്ര്യവുമായുള്ള മൽപ്പിടുത്തമാണ്. ഏറെക്കാത്തിരുന്നു തന്നെ പെണ്ണുകാണാൻ വന്നവർ പെണ്ണിനെ കാണാനാവശ്യപ്പെടുമ്പോൾ പുറമേയുടുക്കാനൊന്നുമില്ലാത്തതുകൊണ്ട് കുടുംബാഭിമാനം സംരക്ഷിക്കാനായി തനിക്കു പുരുഷനെ ഇഷ്ടമായില്ലെന്ന് മുറിയിൽ നിന്നു വിളിച്ചുപറയുന്ന പാറു, നമ്മുടെ കാലത്ത് അപൂർവമായി വരുന്ന മറെറാരു നായികാരൂപമാണ്. നിരക്ഷരനും കൈക്കൊട്ടുപണിക്കാരനുമായ കാമുകനെ, ഒരു കുറിമാനം നൽകി അക്ഷരവിദ്യയഭ്യസിക്കാൻ പ്രേരിപ്പിക്കുന്ന സരള ('പരിപൂർണതയിലേക്ക്') കാമുകിമാത്രമല്ല, അധ്യാപികയുമാണ്. പുരാണകഥകൾ പുനരാഖ്യാനം ചെയ്യുമ്പോഴും ഇടശ്ശേരി അടിത്തട്ടിൽനിന്നാണ് അവയെ നോക്കിക്കാണുന്നത്. കൂനിയായ കുബ്ജയും സൂതനായ ദാരുകനും ദാസനായ ഹനുമാനുമാണ് ഇവിടെ നായികാ നായകന്മാർ. കൊട്ടാരത്തിന്റെ സമൃദ്ധികളിലുള്ള വിരക്തിയും നിമ്നോന്നതങ്ങളിലൂടെ തേരുതെളിക്കുന്നതിന്റെ ആഹ്ലാദവും പ്രകടിപ്പിക്കുന്ന ദാരുകൻ, സ്വർഗമുപേക്ഷിച്ച് പരുക്കൻനാട്ടിൻപുറം തിരഞ്ഞെടുക്കുന്ന കവിയുടെ തന്നെ മറുരൂപമാണ് ('അമ്പാടിയിലേക്കുവീണ്ടും')

ഗ്രാമീണകർഷകന്റെ അഭിമാനബോധവും അതിന്നേൽക്കുന്ന മുറിവുകളും ഇടശ്ശേരിക്കവിതയിൽ തികട്ടിത്തികട്ടിവരുന്ന ഒരു പ്രമേയമാണ്. ഒരു ധനികന് മകളെ വിവാഹം കഴിച്ചു കൊടുത്ത അച്ഛൻ, വിലക്കുമുറിച്ച്, അഭിമാനബോധത്തിനു കടിഞ്ഞാണിട്ട് മകളെക്കാണാൻ പോകുന്നതും മാന്യതക്കു ക്ഷതമേററ മരുമകൻ തന്നെ യാചകനാക്കുമ്പോൾ 'വഴിതെററിക്കയറിയതാണെ'ന്നു പറഞ്ഞ് ഇറങ്ങി നടക്കുന്നതുമായ ചിത്രത്തിൽ ('അങ്ങേവീട്ടിലേക്ക്') പണക്കാരിലുള്ള തന്റെ അവിശ്വാസത്തോടൊപ്പം കർഷകന്റെ മനസ്സാന്നിധ്യവും പുത്രീവാത്സല്യവും കവി ധ്വനിപ്പിക്കുന്നു. 'മകന്റെ വാശി'യിലെ പിതാവകട്ടെ, കുട്ടിക്കാലത്ത് ആമ്പലിന്നലട്ടിയ മകൻ മുതിർന്നു തന്റെ ഇഷ്ടക്കാരിയെ വിവാഹം കഴിച്ചു തരാനാവശ്യപ്പെടുമ്പോൾ ആദ്യം അഭിമാനിയായി കുതറുകയും പിന്നെ വാത്സല്യത്തിനു കീഴടങ്ങുകയും ചെയ്യുന്ന തനി ഗ്രാമീണനാണ്. ആ പക്വമതിയെ 'ഹാ മിഴിനീരേ നിൽക്കുക, ഞാനീ ദീർഘനദീതടയാത്രക്കാരനെ, മിനുസപ്പെട്ടൊരു സാളഗ്രാമത്തിനെ നോക്കട്ടെ'എന്ന് കവിയുടെ വിവേകം പ്രശംസിക്കുകയും ചെയ്യുന്നു.

ആസ്തിക്യത്തിന്റേതായ ഒരു ശുഭബോധം ഏതായാലും ഇടശ്ശേരിയുടെ കർമയോഗം കലർന്ന കർഷകേച്ഛയ്ക്ക് അദൃശ്യമായിനിന്ന് കരുത്തേകിയിരുന്നു എന്നത് തീർച്ചയാണ്. ഈ ശുഭബോധത്തിന്റെ നഷ്ടം തീവ്രമായനുഭവിച്ചവരാണല്ലോ പിറകേവന്ന സന്ദേഹവാദികളോ നാസ്തികരോ ആയ നവീന കവികൾ. "ചിരിക്കുന്നവർ ഭയങ്കരമായ വാർത്തകൾ കേൾക്കാനിരിക്കുന്നതേയുള്ളു. ചുളി വീഴാത്ത നെററി ഷണ്ഡത്വത്തിന്റെ ലക്ഷണമാണ്" എന്ന് ബ്രെഹ്ററിനോടൊപ്പം തിരിച്ചറിഞ്ഞവരായിരുന്നു അവർ. ഇടശ്ശേരിക്കാകട്ടെ, ഭയങ്കരമായ വാർത്തകൾ കേട്ടിട്ടും ചിരിക്കാൻ കഴിഞ്ഞിരുന്നു, ചുളി വീണ നെററി ഇച്ഛാനഷ്ടത്തിന്റെ കൊടിയാണെന്നാവും അദ്ദേഹം പറയുക. പരാജയത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾപോലും "താണും വീണും പിടഞ്ഞുമെഴുന്നേററും കാതരം കേണേ കേണേ മുന്നേറും മനുഷ്യനെ"ക്കാണുകയും (പരാജയധ്യാനം) "ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാതെന്തിനു ജീവിതപലഹാരം" എന്ന് ദുഃഖങ്ങളുടെ അനിവാര്യത അംഗീകരിക്കുകയും, "കണ്ണീർക്കെട്ടമഴക്കോളിൽ മുങ്ങിനിവർന്ന കർഷകൻ" നടാടെത്തനതു മണ്ണിൽ ചവിട്ടിനിൽക്കുന്നതു കണ്ട് ആഹ്ലാദിക്കുകയും (അഭിനന്ദനം) 'മർത്ത്യൻ സുന്ദരനാണ്, കാരണ, മുയിർക്കൊള്ളും വികാരങ്ങൾ തൻനൃത്യത്തിനു മുതിർക്കുവാൻ സ്വയമണിഞ്ഞിട്ടോരരങ്ങാണവൻ' എന്ന് നിസ്സംശയം പ്രസ്താവിക്കുകയും (സൗന്ദര്യാരാധന) ചെയ്യാൻ കഴിയുന്ന ആ ഇച്ഛാശക്തി, വരൾച്ചയും വെള്ളപ്പൊക്കവും മാറിമാറി വന്ന് കൃഷി നശിപ്പിക്കുമ്പോഴും വീണ്ടും വീണ്ടും വിത്തിറക്കുകയും ഋതുക്കളുടെ ക്രൗര്യങ്ങളെ മണ്ണിനോടുള്ള വാത്സല്യത്താലും വിവേകത്താലും അതിജീവിക്കുകയും ചെയ്യുന്ന കർഷകന്റേതു തന്നെയാണ്.

അഹിംസാസന്ദേശത്തെ സ്വാതന്ത്ര്യസമരഘട്ടത്തിൽ പുനരുത്ഥാനം ചെയ്ത ഒരു മൂല്യമെന്ന നിലയിൽ ഇടശ്ശേരി പ്രകീർത്തിക്കുന്നുണ്ട്. 'എങ്ങനെ നേടി' എന്ന കവിതയിൽ ചോര ചിന്താതെ കൈവന്ന ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ അഭിമാനം കൊള്ളുന്നുണ്ട്. കൃതജ്ഞതാ വചനമറിയാത്ത അജയൂഥങ്ങൾക്കാണ് രാജാവിനെയും ബ്രാഹ്മണരെയുംകാൾ ബുദ്ധന്റെ കാരുണ്യസന്ദേശം മനസ്സിലാവുകയെന്നും (ബിംബിസാരന്റെ ഇടയൻ) നിരീക്ഷിക്കുന്നുണ്ട്. എന്നാൽ, ഈ ആദർശം എല്ലായ്പ്പോഴും അതിന്റെ ശുദ്ധരൂപത്തിൽ നടപ്പിലാക്കാനാവുകയില്ലെന്ന യാഥാർഥ്യബോധവും ഇടശ്ശേരിക്കുണ്ട്. 'മാപ്പില്ല' എന്ന ലഘുകവിത പ്രസിദ്ധമാണല്ലോ.

'ചോരക്കൈവാളിനൂണാമരിയൊരജകിശോ-
രത്തെ മീളാൻ കുനിച്ചു-
ള്ളോരക്കണ്ഠത്തിൽ നിന്നൂറിന മൃദുകരണാ-
വായ്പിലാഴുമ്പോഴെല്ലാം.

'ഹാ രക്ഷയ്ക്കാത്മകർമം ശരണ, മിതരമി-
ല്ലില്ല മാപ്പെ'ന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ
പിന്നെയും പിന്നെയും നീ'

ഈ കവിതയുടെ ആഖ്യാനാത്മകമായൊരു വ്യാഖ്യാനമാണ് 'ബുദ്ധനും ഞാനും നരിയും' . ഇരുളിൽ നരിവരുമ്പോൾ അവനോട് തന്റെ റേഷനരിക്കിഴിയും നെടുവീർപ്പും കാണാനഭ്യർഥിച്ചിട്ടും കാര്യമില്ലെന്നു മനസ്സിലാക്കി കാരുണ്യമൂർത്തിയായ ബുദ്ധന്റെ പ്രതിമതന്നെ നരിയുടെമേൽ തള്ളിയിടുന്നു നായകൻ. 'പരമലക്ഷ്യത്തിൽ' 'സമസൃഷ്ടചെഞ്ചോര' പററിയതു തെററാണെന്നു സമ്മതിക്കെത്തന്നെ തന്റെ കുഞ്ഞുങ്ങൾ താനില്ലാതെ പൊരിഞ്ഞുചാവുന്നതും തെററാണല്ലോ എന്ന് സമാധാനിക്കുന്നു. സമരോന്മുഖമായ കവിതകളിൽപ്പോലും കവി ഊന്നുന്നത് അച്ഛനും അമ്മയും മക്കളും സഹോദരിയും സഹോദരനും തമ്മിലുള്ള ബന്ധങ്ങളുടെ ദാർഢ്യമാണ്. പൊതുവെ മക്കത്തായകുടുംബത്തിന്റെ മഹത്വവത്കരണമാണിവിടെ കാണുക. 'വിവാഹസമ്മാനം', 'തത്ത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ', 'പെങ്ങൾ' എന്നീ കവിതകളിൽ ഈ ബന്ധങ്ങളിൽ വന്നുപെടാവുന്ന ക്രൂരത സൂചിപ്പിക്കുന്നത്, ഒരാദർശഭ്രംശം എന്ന നിലയിലാണ്. ശ്രവണകഥകളിലും കുടുംബിനിയാകാൻ പോകുന്ന കാമുകി തന്നെയാണ് കവിയുടെ സങ്കല്പത്തിലുള്ളത്. പണിമുടക്കത്തിലും മററും സംഘർഷത്തെ സ്വീകരിക്കുമ്പോഴും സംഘർഷം താത്കാലികവും സമന്വയത്തിലേക്കു നയിക്കുന്നതുമാണെന്ന വിശ്വാസം ഇടശ്ശേരിക്കുണ്ട്. 'ഹോട്ടൽക്കാരികൾ' അവസാനിക്കുന്നത് വിചിത്രമായിത്തോന്നാവുന്ന ഈ വരികളിലാണല്ലോ:

"സഹകരണം' ഞാനോർപ്പൂ സ്വാർഥം
കൊണ്ടും നാകം നിർമിക്കുന്നു
സമരം നിസ്വാർഥതയാൽപോലും
നരകവിധാനത്തിന്നേ പോരൂ."

മുതിരുംതോറും ഇടശ്ശേരി കൂടുതൽ കൂടുതൽ സമന്വയവാദിയായി മാറുന്നതു നാം കാണുന്നു. നിരന്തരവും അനന്തവുമായ സംഘർഷത്തിന്റെ ചിന്ത ലളിതമായ ശുഭബോധങ്ങളെ അലോസരപ്പെടുത്തുന്ന ഒന്നായതുകൊണ്ടാകാം; സ്വതന്ത്രഭാരതത്തിൽ സമരമല്ല സഹകരണമാണിനിവേണ്ടതെന്ന അതിലളിത വിശ്വാസം ക്രമേണ രൂഢമൂലമായതുകൊണ്ടുമാകാം.

ഇടശ്ശേരിയുടെ എല്ലാ കവിതകളും വിശാലമായൊരർഥത്തിൽ കേരളീയ ജീവിതത്തെക്കുറിച്ചു തന്നെയാണെങ്കിലും, ചില രചനകളിൽ കേരളം സവിശേഷമായി പ്രതിപാദ്യവിഷയമാകുന്നുണ്ട്. 'മുഹമ്മദ് അബ്ദുറഹിമാൻ' പോലെ കേരള ചരിത്രവുമായി ബന്ധപ്പെട്ട കവിതകളും 'പ്രണാമം', 'പ്രണാമപൂർവം', 'ആചാര്യപാദങ്ങളിൽ'. 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' എന്നിങ്ങനെ എഴുത്തച്ഛനെയും ആശാനെയും അനുസ്മരിക്കുന്ന കവിതകളും 'വീണ്ടും ഓണം' തുടങ്ങിയ ഓണക്കവിതകളുമെന്നതിനേക്കാൾ, കേരളപ്പിറവിയോടനുബന്ധിച്ചെഴുതിയ 'കൈതപ്പൂ' 'വികസിക്കുക' പിന്നീടെഴുതിയ 'മലയാളി' എന്നീ കവിതകളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പേമഴയും കൊടുങ്കാററും കുത്തിമറിയുമ്പോൾ അത് ഉത്സവമാക്കി മാററുന്ന മലയാളിയെ നോക്കി കവി പറയുന്നു:

'കൂററൻ കൊടുമുടി നട്ട വിത്താണിവൻ
ക്രൂരക്കൊടുംതിരയിങ്കൽ'

പിന്നെ മുകിൽമാഞ്ഞ് തുമ്പക്കുടങ്ങൾ പുഞ്ചിരിച്ച് മഞ്ഞക്കിളികളെ ഇളങ്കാററുതാരാട്ടുമ്പോൾ, 'ഉന്മിഷദ്രാഗ'കളായ പെണ്ണുങ്ങൾ പാടിക്കളിക്കുന്നു. "പാഴിടിയുണ്ടാക്കുമുദ്ബാഹുവായ് നിന്നപ്പോഴുമിസ്സാഹസശീലൻ" കൂർപ്പിച്ചു നോക്കിയാൽ കൂവുകയും, അഹങ്കരിച്ചാൽ കല്ലുവാരാൻ കുനിയുകയും കോപിച്ചാൽ പ്രതികാരമർക്കടത്തിന്റെ ആവാസഗേഹമായി മാറുകയും തല്ലും തടവും പുല്ലാക്കുകയും, അധികാരിയുടെ കൈയിലെ 'കൊല്ലും കൊല'യ്ക്കുള്ള ചട്ടത്തെ 'പുല്ലില്ലും പുല്ലായി' കാണുകയും ചെയ്യുന്ന മലയാളിയുടെ സാഹസശീലത്തെ കവി അഭിനന്ദിക്കുന്നു.

'കെട്ടിയിടേണമോ താങ്കൾക്കീയാനയെ?
കററക്കയറുകൾ പോരാ.
മുററും മൃദുലമാം പൂങ്കരൾ നൂററൊരു
പട്ടുനൂലെങ്കിലോ പററും.
മാറിലമ്മിഞ്ഞയും കൈയിൽ കൊടും കൊല-
വാളുമെഴുന്നൊരു മൂർത്തി
കാവിലുണ്ടെങ്കിലുമില്ലെങ്കിലും ശരി
മേവിടുന്നുണ്ടയാൾക്കുള്ളിൽ.'

ക്രൗര്യവാത്സല്യങ്ങളുടെ സഹവർത്തിത്വം ഇവിടെ നാം വീണ്ടും കാണുന്നു. മലയാളികളുടെ ഈ സവിശേഷതയുടെ മൂർത്തരൂപമായിട്ടാണല്ലോ മുഹമ്മദബ്ദുറഹിമാനെ ഇടശ്ശേരി അവതരിപ്പി

ക്കുന്നത്. ജീവനുള്ള മർത്യമാംസം കേററി മുദ്രവെച്ചു പാഞ്ഞുപോകുന്ന കറുത്ത വണ്ടികൾക്കിടയിൽ മാനഭംഗപ്പെട്ട പെങ്ങമ്മാർക്കുവേണ്ടി വീറുകൂട്ടി ക്രൂരമായ് പോരാടുന്ന, തടിമറന്ന് ഇടിമുഴക്കം പൊഴിച്ച് ദുർനിയമക്കന്മതിലടിച്ചുടച്ച് ദുർഭരണകൂടത്തെ ഉലയ്ക്കുന്ന, ശീർഷം താഴ്ത്താത്ത അബ്ദുറഹിമാന്റെ ചിത്രം ഈ കേരളീയ സങ്കല്പവുമായിച്ചേർത്തു വായിക്കേണ്ടതുതന്നെ. ഭാരതപ്പുഴ തങ്ങളെ 'ഹരിണങ്ങളാവാനല്ല, ഹരികളാവാനാണു' പഠിപ്പിച്ചതെന്ന് മററൊരിടത്ത് (ഭാരതപ്പുഴ) കവി പറയുന്നുണ്ടല്ലോ.

'വികസിക്കുക' എന്ന കവിതയിൽ കേരളമുണ്ടായതിനെക്കുറിച്ച് കവി പറയുന്നു: ദേവകളോടു കയർത്തു കലമ്പി സ്വർഗകവാടത്തിലെത്തി യുദ്ധം ചെയ്യുകയും വീഴുകയും വീണ്ടുമെണീററു കർമോത്സുകരായി അടരാടുകയും ചെയ്യുന്ന വീര്യംകണ്ടു വശീകരിക്കപ്പെട്ട് സ്വർഗം മലയാളികളുടെ ഇടയിലേക്കിറങ്ങിവന്നു. വെള്ളപ്പുടവയുടുക്കുന്ന സ്വച്ഛതയും സത്യമാകുന്ന ഉറുമിയെടുത്ത നിർഭയത്വവും പീലിപ്പട്ട നിവർത്തി അമൃതകുംഭങ്ങളെടുത്ത കൽപ്പവൃക്ഷവും അവളുടെകൂടെപോന്നു. പിന്നീട് മഹാബലി, വടക്കൻപാട്ടിലെ വീരന്മാർ, പുള്ളുവൻപാട്ടുകൾ, തുമ്പിതുള്ളൽ, 'മുലപറിച്ചെറിഞ്ഞ് മധുരയാകുന്ന അടുപ്പിൽ വെലിക്കരി വേവിച്ചു ഭർത്താവിനു പിണ്ഡംവെച്ച് കണ്ണകി, ചാവേർപ്പടകൾ, മലയാളത്തിന്റെ കലകൾ, കവിതകൾ–ഇവയെല്ലാം സൂചിപ്പിച്ചശേഷം, വീരർ ഒടുങ്ങുകയും കേരളത്തിന്റെ പോരിമ 'പണ്ടത്തെപ്പുകൾ പാടലായി'ച്ചുരുങ്ങുകയും ചെയ്ത ദുഷ്ടകാലത്തെക്കുറിച്ചും കവി പറയുന്നു. തലമുറകളായി അവൾ പെററ അടിമകളുടെ നൈരാശ്യത്തിൽനിന്ന്, സ്വാതന്ത്ര്യസംഗരത്തിൽനിന്ന് പുതിയ ചിനപ്പു വീണ്ടും പൊട്ടി. ഇനി രുധിര സേചനമല്ല, മനുജസേവനമാണു വേണ്ടത്; വീര്യം കാട്ടേണ്ടത് സൃഷ്ടിയിലാണ്, കൊലയിലല്ല. മഴുകൊണ്ടല്ലാ, സ്നേഹംകൊണ്ടാണ് ഇക്കുറി ഭാരതത്തിന്നൊരനുബന്ധമുണ്ടാകുന്നത്.

ഈ ആനന്ദാഭിമാനങ്ങൾ 'കൈതപ്പൂവി'ൽ തീവ്രതരമാകുന്നു. 'നാമിനിപ്പരസ്പരം നമ്മുടെ നോവാൽ നീറും.' : തന്റെ മലയാളം ഒരു കൈതപ്പൂപോലെ പൂർവാദ്രിച്ചെരുവിൽ ചുരുൾ വിരിയുന്നതു കവി കാണുന്നു. 'താക്കുക പെരുമ്പറ പശ്ചിമാർണവങ്ങളെ, പൊക്കുക വെന്നിക്കൊടി പൂർവാദ്രിശൃംഗങ്ങളേ' എന്ന് ആവേശം കൊള്ളുന്നു. അപ്പോഴും തന്റെ കൃഷകചിത്തം അരുവികളിലാണ്, ഇനി കുന്നിന്റെ ധാതുക്കൾ മുഴുവൻ ഉപ്പുകടലിലൊഴുക്കരുതെന്നും കവി പുഴകളോടു പറയുന്നു. നിങ്ങൾക്കു വേണ്ടി ഞങ്ങൾ വാപികളും വീഥികളും നിർമ്മിക്കുമെന്നും കവി പുഴകളോട് പറയുന്നു. ഒപ്പം മലയാളത്തിന്റെ അഴകിൽ അരിമ്പാറകളായ നഗരങ്ങളോട് നരകക്കൂടുകളടർത്തി കാററും വെയിലുമുള്ള നാട്ടിൻപുറങ്ങളിലേക്കു ചേക്കേറാൻ കവി ആവശ്യപ്പെടുന്നു. കേരളം ഒരൊററ നഗരമാണ്. 'തട്ടിപ്പറിക്കാരുടെ കൂടാരങ്ങൾ' ഇനി വെച്ചേക്കില്ല. പോയകാലത്തിന്റെ കെട്ട ചൂരുററ ഈ സൗധം വൃത്തിയാക്കാൻ ചൂലേന്തുവാൻ മലയാളികളോടാഹ്വാനം ചെയ്യുന്നിടത്താണ് കവിത അവസാനിക്കുന്നത്.

കേരളത്തെക്കുറിച്ചുള്ള തന്റെ അഭിമാനം 'വൃത്തികെട്ട തറവാടിത്തഘോഷണ'മാകാൻ ഇടശ്ശേരി അനുവദിച്ചിരുന്നില്ല. അതുകൊണ്ടാണല്ലോ തമിഴരെക്കൊണ്ടു നാടുവൃത്തിയാക്കിച്ച് അവർ പോവുമ്പോൾ അവരുടെ വൃത്തിഹീനതയെയും പരിഷ്കാരശൂന്യതയെയും പരിഹസിക്കുന്ന നമ്മുടെ മിഥ്യാഭിമാനത്തെ അദ്ദേഹം പൊട്ടിച്ചുകളഞ്ഞത് (കറുത്തചെട്ടിച്ചികൾ). ഒപ്പം തന്നെ 'ചിതാഭസ്മം', 'ചിത്രത്തൂണുകൾ', 'എങ്ങിനെനേടി', 'ഭാരതപ്പുഴ', 'പൂപ്പരുത്തി', 'ഋഷിയുടെ ധേനു', 'സർവോദയമേളയിൽ' തുടങ്ങിയ കവിതകളിലൂടെ ഇന്ത്യാചരിത്രവുമായി കേരളചരിത്രത്തിന്റെ അനിഷേദ്ധ്യബന്ധവും ഇടശ്ശേരി ചൂണ്ടിക്കാട്ടുന്നു. നമ്മുടെ ഇതരവരിഷ്ഠകവികളെപ്പോലെതന്നെ ഭാരതചരിത്രത്തെ തന്റെ കേരളഗ്രാമത്തിലിരുന്നു വായിച്ചറിയുകയും ഭാരത സങ്കല്പത്തെയും സ്വാതന്ത്ര്യസമരമൂല്യങ്ങളെയും നിരാകരിക്കാതെ തന്നെ കേരളത്തിന്റെ സ്വത്വം തേടുകയും ചെയ്യുന്ന സമന്വയമാർഗമാണ്– ആധുനിക ശൈലിയിൽ ഒരു 'ഫെഡറൽ' ദേശീയ സങ്കല്പമാണ്– ഇടശ്ശേരി തിരഞ്ഞെടുത്തത്. നാമിന്നും ജീവിച്ചുകൊണ്ടിരിക്കുന്നതും ഈ ഇരട്ടവിശ്വസ്തതയിലാണല്ലോ.

ഇടശ്ശേരിക്കവിതയിലുടനീളം തുടിച്ചുനിൽക്കുന്ന പരിഹാസവും ഫലിതബോധവും, ഗ്രാമീണ കർഷകന്റെ നാടോടിനർമബോധത്തിന്റെ പഴഞ്ചൊല്ലുകളിലും നാടൻപാട്ടുകളിലും കടങ്കഥകളിലും ദൈനംദിന ഭാഷണത്തിലും ഉൾച്ചേർന്ന ചിരിയുടെ സൂക്ഷ്മവത്ക്കൃതമായ വകഭേദമാണ്.

'നീ താൻ കൈക്കൊള്ളുകിവളെ,
കള്ളന്നൊത്തതു കൂനി താൻ' (വരദാനം)

എന്ന് കുബ്ജയെ കൃഷ്ണനു നൽകുമ്പോഴും, തന്റെ ഏററവും നല്ലപാട്ടു ശ്രദ്ധിക്കാതെ പൊട്ടപ്പാട്ടിൽ സന്തുഷ്ടരായ ജനാവലിയെ നോക്കി 'ഹാ, മഹാജനമെന്ന മന്നിതിൻ സൗന്ദര്യമേ, സീമ ഞാൻ കാണീലല്ലോ നിൻ മനോഹാരിത്വത്തിൽ' എന്നു നിന്ദ ചൊരിയുമ്പോഴും (പാട്ടുകച്ചേരി), 'കൊച്ചു വായ്ക്കുള്ളിലൊതുങ്ങാത്ത കാരണം മച്ചും മതിൽകളും ബാക്കിനിന്നു' എന്ന് തകർന്ന തറവാട്ടിലെ കുട്ടിയുടെ വിശപ്പുവർണിക്കുമ്പോഴും നാം ഈ ഫലിതബോധം കാണുന്നു. 'ബുദ്ധനും ഞാനും നരി

യും' എന്ന കവിതയിൽ നരി ചീറിവരുമ്പോൾ കൂസാതെ നായകൻ ആത്മഗതം ചെയ്യുന്നു.

'നരികണ്ടോനേറിയാൽ നായാട്ടുനായ്ക്കളെ –
ശ്ശരി, ഞാനോ, വാറണ്ടു ശിപ്പായ്മാരെ.'
മുയലുമായുള്ള മത്സരത്തെക്കുറിച്ച് ആമ പറയുന്നു,
'താഴ്ത്തിക്കെട്ടിയ കാര്യം സഹിക്കാം പരമാർഥ
മാത്രയുമില്ലാസ്തുതി പോലെന്തുണ്ടപഹാസ്യം!'
(ആമയും മുയലും)

തനിക്കു ലോകം സ്ഥിരോത്സാഹിയെന്നല്ലാ 'മന്ദ'നെന്നാണു പേരു നൽകിയതെന്നും, മുയലിനെ തിങ്കളിൽ പ്രവേശിക്കുന്ന സ്പുട്നിക്കായി അവർ വാഴ്ത്തുന്നുവെന്നും, ഓട്ടം ജയിച്ചിട്ട് ഒരഞ്ചൽക്കാരന്റെ ജോലിപോലും തനിക്കു കിട്ടിയില്ലെന്നുമാണ് ആമയുടെ പരാതി. 'ഔചിത്യബോധ'ത്തിൽ ഒരിന്റർവ്യൂവിന്റെ ചിത്രമുണ്ട്. ചോദ്യങ്ങൾക്ക് ശരിയുത്തരം പറഞ്ഞ പരിചയസമ്പന്നനായ അധ്യാപകനെപ്പോലെ പെരുമാറിയ ഉദ്യോഗാർഥിയെ ഉപേക്ഷിച്ച് എല്ലാചോദ്യത്തിനും 'എന്നെ നിയമിക്കണ'മെന്നുമാത്രം ഉത്തരം മൊഴിഞ്ഞുകൊണ്ടിരുന്ന മന്ദബുദ്ധിയായ തടിയനെ മാനേജർ അധ്യാപനത്തിനു തിരഞ്ഞെടുക്കുന്നു. വിസ്മയാധീനനായ ആ ഉദ്യോഗാർഥിതന്നെ 'തന്നിൽനിന്ന് വിദ്യാർഥികൾക്കെന്തു കിട്ടുമെന്നാണ് കരുതുന്നത്' എന്ന് മാനേജരോടു ചോദിക്കുമ്പോൾ ആ രസികൻ പറയുന്നു: "അതല്ലെൻ പരിഗണന, നിങ്ങൾക്കവരിൽനിന്നെന്തു കിട്ടുമെന്നതത്രേ." വായ്പ വാങ്ങിയ ആടയാഭരണങ്ങളഴിച്ചുവെക്കാൻ ആദ്യരാവിലാവശ്യപ്പെടുന്ന ആദർശശാലിയായ കാന്തനോട്, വായ്പ വാങ്ങിയതല്ലെങ്കിലും ആ രാത്രി അതഴിച്ചുവെക്കാൻ പറയാൻ അയാൾക്കവകാശമുണ്ടെന്ന ന്യായം വെക്കുന്ന ഓമനയെനോക്കി അയാൾ ചോദിച്ചുപോകുന്നു, 'ആദ്യരാവാരോമലേ, നിനക്കിതെത്രാമത്തെ?' (ചോദിക്കാത്ത ചോദ്യം) ഇങ്ങനെ ക്രൂരവും മൃദുലവും കുസൃതിനിറഞ്ഞതും വേദനാകരവുമായ നാടോടിനർമത്തിന്റെ എത്രയോ രൂപഭേദങ്ങൾ നാം ഇടശ്ശേരിയിൽ കണ്ടുമുട്ടുന്നു.

ഇടശ്ശേരിക്കവിതയിലെ ഈണവും ഉപമകളും ബിംബങ്ങളും സൂചകങ്ങളും ഗ്രാമീണകർഷകജീവിതവുമായി രക്തബന്ധം പുലർത്തുന്നവയാണ്. കാവ്യഭാഷയെ സംബന്ധിച്ചിടത്തോളം ഒരു സംക്രമഘട്ടത്തിലായിരുന്നു ഇടശ്ശേരി നിന്നത്. അതീവലോലവും തരളവും സംഗീതസാന്ദ്രവുമായ ഒരു ഭാഷ സൃഷ്ടിച്ചും ദ്രാവിഡവൃത്തങ്ങളിലേക്കു കൂറുമാറിയും ചങ്ങമ്പുഴ ഭാഷാകവിതകളിലെ സംസ്കൃതപ്രഭാവത്തെ വെല്ലുവിളിച്ചു. അതേസമയം എഴുത്തച്ഛനും ആശാനും കുറച്ചൊക്കെ വള്ളത്തോളുമുൾപ്പെട്ട തന്റെ പരിശീലനക്കളരിയുടെ പാഠങ്ങൾ തീർത്തും നിരാകരിക്കുക ഇടശ്ശേരിക്കു പ്രയാസവുമായിരുന്നു. അതുകൊണ്ടിവിടെയും അദ്ദേഹം ഒരു സമന്വയത്തിന്റെ വഴി സ്വീകരിക്കുന്നു. എങ്കിലും രഥോദ്ധതയും ശാർദൂലവിക്രീഡിതവും അനുഷ്ടുപ്പും അങ്ങിങ്ങുണ്ടെങ്കിലും മുഖ്യമായും ഇടശ്ശേരി ആശ്രയിക്കുന്നത്, കേകയും പാനയും ഗാഥയും കാകളിയും കളകാഞ്ചിയും പോലുള്ള ദ്രാവിഡ വൃത്തങ്ങളെയും കുറത്തിപ്പാട്ടും വടക്കൻപാട്ടും മാപ്പിളപ്പാട്ടും വഞ്ചിപ്പാട്ടും തുള്ളൽപ്പാട്ടുമുൾപ്പെട്ട പാട്ടുമട്ടുകളെയുമാണ്. വൃത്തനിയമങ്ങളെക്കാൾ ചൊല്ലുന്നരീതിക്കു പ്രാധാന്യം നൽകുന്ന ദ്രാവിഡശീലം കൈക്കൊണ്ട് ധാരാളം സ്വാതന്ത്ര്യം വൃത്തങ്ങൾക്കകത്ത് അദ്ദേഹം എടുക്കുകയും ചെയ്തു.

ഓട്ടുചൂളവളപ്പും വാവൂരെച്ചെറുകുന്നും മണിക്കിണറും നാവായയും പേരാറും കുററിപ്പുറം പാലവും പൊന്നാനിപ്പുഴയും അന്തിമഹാകാളൻ കുന്നും ചമ്രവട്ടത്തയ്യപ്പനും പോലുള്ള പ്രാദേശിക സ്ഥലസൂചനകൾ, ചേട്ടയെക്കളയലും കുരുതികൊടുക്കലും പാനേങ്കളിയും മലചവിട്ടും തുമ്പിതുള്ളലും പൂതം കളിയും പോലുള്ള അനുഷ്ഠാനങ്ങളുടെ സൂചനകൾ, ശകുനങ്ങളെക്കുറിച്ചും മററുമുള്ള നാടൻവിശ്വാസങ്ങൾ, പകിടകളിയും ചതുരംഗവും പോലുള്ള പഴയ വിനോദങ്ങൾ, കുമ്പളപ്പൂവും ഉമ്മത്തുംപൂവും മുതൽ തെങ്ങും, നെല്ലുംവരെ സ്വന്തം തിണയുമായി ബന്ധപ്പെട്ട സസ്യ-പുഷ്പ-ഫലാദികളുടെ സൂചനകൾ. 'പുകിൽ', 'പോള്', 'വെലി', 'പോതി', 'അരിയാറ്', 'അരക്കാലി', 'പൊട്ടിൽ', 'വേണ്ടുക', 'മാടമ്പിത്തട്ട്', 'ചീക്ക്', 'കാനോല്', 'തോയുമിരുട്ട്', 'നാട്ടനൂഴൽ', 'അരശ്', 'കല്ലറകൊഴിക്കുക', 'കാതുകശക്കുക', 'കുരുകുത്തുക', 'ചെഞ്ചുള തുററ നടുക്കണ്ടം', 'പൂതൽ', 'പെട്ടകൂടുക', 'പിണാത്തി', 'നടുതല', 'കെടുവിനീര്', 'ഉതിരം', 'കൃതം', 'പേച്ച്', 'കൊറുവ്', 'മാരിവിത്ത്', 'അരിപ്പം' ഇങ്ങിനെയുള്ള പ്രാദേശിക പ്രയോഗങ്ങൾ, ഇവയെല്ലാം ചേർന്നാണ് ഇടശ്ശേരിക്കവിതയിലെ പൊന്നാനിയെ ഒരു നോഹയുടെ പെട്ടകം പോലെ ഭൂമിയുടെ ഒരു ചെറുപതിപ്പാക്കുന്നത്. 'വിപ്രവാസവ്രതധാര', 'അസിതവസ്ത്രവേഷ്ടിത നിതംബബിംബം', 'സ്ഫുരദ്വൈരികൃപാണികാന്വംഗി', 'പരിഭ്രമകരപരാക്രമക്രമപരായണം', 'സമസ്തപ്രത്യൂഹവിപാടനം', 'അക്ഷാപ്രപഞ്ചൽഫണ കിങ്കിണികച്ചിലമ്പൽ', 'അസിതജലദവിപിനഭൂ', 'കുങ്കുമശോണഗണ്ഡരുചി', 'മുരളീമൃദുമധുരസ്നിഗ്ധകണ്ഠം' തുടങ്ങിയ നെടുങ്കൻ സമസ്തപദപ്രയോഗങ്ങൾ ഇടശ്ശേരിക്കവിതയിലുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായ വിധത്തിൽ അദ്ദേഹത്തിന്റെ സമഗ്രരചനയിൽ നാടോടിക്കവിതയുടെ പദസംസ്കാരം അധീശത്വം പുലർത്തുന്നു.

ഇടശ്ശേരികർഷകഭാവന ഏററവും മൂർത്തമായി സ്ഫുടീകരിക്കപ്പെടുന്നത് കാർഷികവൃത്തിയും ഗ്രാമീണജീവിതവുമായി ബന്ധപ്പെട്ട, സൂക്ഷ്മനിരീക്ഷണജന്യമായ ഉപമകളിലും വാങ്മയചിത്രങ്ങളിലുമാണ്.

കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും വ്യക്തമാക്കിയിട്ടുള്ള കാവ്യപ്രത്യയശാസ്ത്രത്തിന്റെ സ്വഭാവംകൂടി പരിശോധിച്ച് ഈ നിരീക്ഷണത്തിനു വിരാമമിടാം. ആ ചരിത്രസന്ദർഭത്തിൽ മലയാള കാവ്യവ്യവഹാരത്തെ നിർണയിച്ചിരുന്ന ഒരു സൗന്ദര്യപ്രത്യയശാസ്ത്രത്തിന്റെ വ്യക്തിഗതമായ ആവിഷ്കാരമെന്ന നിലയ്ക്കാണ്, സ്വന്തം രചനകളുടെ രഹസ്യങ്ങളിലേക്കുള്ള മാന്ത്രികതാക്കോലെന്ന നിലയ്ക്കല്ല നാം ഈ ഉപാദാനങ്ങളെക്കാണുന്നത്. വേറൊരർഥത്തിൽ പറഞ്ഞാൽ ഇടശ്ശേരിയെന്ന കവിയിലെ നിരൂപകന്റെ വിശ്വാസപ്രമാണമാണ് നമ്മുടെ വിഷയം.

തന്റെ വിമർശകർക്കൊരു മറുപടിയെന്ന നിലയിലാണ് ഇടശ്ശേരി 'പ്രസ്താവന' എന്ന കവിതയെഴുതുന്നത്. കാവ്യകലയുടെ ലക്ഷ്യം കേവലാനന്ദമാണ്, പ്രചാരണോദ്ദേശ്യമുള്ള കവിത പാതിവഴി മരുഭൂവിൽ വററുന്ന തീർഥമാണ്; അത് ബ്രഹ്മരസം നൽകാൻ അപര്യാപ്തമാണ്. ബീഡിതെറുക്കുന്നവന് കൂലിയും ഉഴുന്നവന് ഭൂമിയും കിട്ടാൻ മാർഗം കാവ്യകലയല്ല – ഇതാണ് വിമർശനങ്ങളുടെ പൊരുൾ. മറുപടിയിൽ ഇടശ്ശേരി തന്നെ ഒരു കരിമ്പുകൃഷിക്കാരനായി വിശേഷിപ്പിക്കുന്നു. കൂലി കൂട്ടാനും കൃഷിഭൂമി കൃഷിക്കാരനു കിട്ടാനും മുദ്രാവാക്യം വിളിച്ചുപോകുന്ന സഹൃദയരല്ലാത്ത ഇടയരും പണിക്കാരും തന്റെ കരിമ്പൊടിച്ചീമ്പി കൂടുതലുറക്കെ മുദ്രാവാക്യം വിളിക്കാൻ കരുത്തു നേടുന്നു. വയർ നിറയുന്ന നാൾവരുമ്പോൾ ആ തൊണ്ടകൾ അലർച്ച നിർത്തി പാട്ടുതുടങ്ങും.

'താങ്കൾ മഹാപണ്ഡിതരേ
വിരയുന്നൂ കാവ്യലക്ഷ്യമെന്നാലോ
ഇത്തിരികൂടിക്കാക്കണ-
മവസാനിക്കാത്തതല്ലയോ കാലം.'

തന്റെ കരിമ്പിൻതോപ്പു മുഴുവൻ മുടിയർ ആസ്വദിച്ചാലും ഒന്നു രണ്ടെണ്ണം നാളേക്കു കുലയിടാനവശേഷിക്കും.

'എന്റെ പണിപ്പുര' എന്ന ഗദ്യലേഖനമാണ് മറെറാരുപാദാനം. വായനക്കാരനെ സംബന്ധിച്ച് ഇത് ഏറെ പ്രധാനമല്ല. കാവ്യരചന പ്രക്രിയയിൽ ഏഴു മുഹൂർത്തങ്ങൾ കവി കാണുന്നു. ഒരു സംഭവത്തിൽനിന്നോ സ്വാനുഭവത്തിൽനിന്നോ സ്മരണയിൽനിന്നോ മറെറാരു കവിതയുടെ പാരായണത്തിൽനിന്നോ ഉടലെടുക്കുന്ന ഒരു ഹേതു. അതിനെ പ്രവർത്തനനിരതമാക്കി അജ്ഞേയഗർത്തങ്ങളിൽനിന്ന് കാവ്യനിർമിതിക്കുവേണ്ട അയിർമണ്ണുയർത്തിക്കൊണ്ടു വരുന്ന ഒരിച്ഛാശക്തി. അബോധവും ബോധപൂർവവുമായ പല ശക്തികൾ ചേർന്ന് കവിയെ മനോരാജ്യത്തിന്റെ വഴിയിൽ ചരിപ്പിക്കുന്ന മധുരവേദന കലർന്ന മനനം; ക്രമേണ ബിംബങ്ങൾ മൂർത്തവും വരികൾ താളാത്മകവുമാവുകയും നിനച്ചിരിക്കാതെ പുത്തനംശങ്ങൾ കടന്നുവരികയും ചെയ്യുന്ന എഴുത്ത്; ഒരൊഴുക്കിലെഴുതിപ്പോയത് പുനഃപരിശോധിക്കുകയും വരികളുടെ സ്ഥാനം മാററുകയും വെട്ടിക്കളയുകയും മററുംചെയ്യുന്ന വിമർശനാത്മകമായ വായന; സുഹൃത്തുക്കളുടെ വിമർശനത്തിനു കവിതയെ വിധേയമാക്കുന്ന പൊതുവായന, പ്രകാശനത്തിനു മുൻപുള്ള അവസാനത്തെ മിനുക്കുപണി. ഭാവരൂപങ്ങൾ ഒന്നിച്ചേ പിറക്കൂ എന്നും സൃഷ്ടിയുടെ വേളയിൽ ഗുണദോഷ വിവേചനം വേണമെങ്കിലും നിരൂപണബുദ്ധി വളരെക്കൂടിയാൽ, കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാതാകുംപോലെയാകുമെന്നും കവി നിരീക്ഷിക്കുന്നു. തന്റെ പണിപ്പുരയെ കവി ഉപമിക്കുന്നത് ഒരു പൂന്തോപ്പിനോടല്ല നാട്ടിൻപുറത്തെ കരുവാന്റെ ആലയോടാണ്; പണിതീർന്ന കവിതയെ ഒരു പേനാക്കത്തിയോടും. കാവ്യനിർമിതിയെയും ധർമത്തെയും കുറിച്ചുള്ള തന്റെ സങ്കൽപ്പത്തിന്റെ അന്തരം അങ്ങിനെ സൂചിതമാകുന്നു.

ഇടശ്ശേരി പിന്നീടൊരു കവിതാചർച്ചയ്ക്കു മുതിരുന്നത് 'കുങ്കുമപ്രഭാത'ത്തിന്റെ അവതാരികയിലാണ്. കവിത ഒരു വ്യവഹാരമെന്ന നിലയിൽ ഇതര സാഹിത്യരൂപങ്ങളിൽനിന്നു വ്യത്യസ്തമാണെന്ന് കവി ഇവിടെ വ്യക്തമാക്കുന്നു. ജീവിതായോധനത്തിന്നിറങ്ങുന്നവർക്ക് വീരകൃപാണവും മുറിപ്പെട്ടു തിരിച്ചെത്തുന്നവർക്ക് അമൃതബിന്ദുവുമായ കവിത നാടകം പോലെ പ്രകടമോ നോവൽപോലെ വാചാലമോ കഥപോലെ വിസ്ഫോടകമോ അല്ലെന്നദ്ദേഹം പറയുന്നു. കവിതയുടെ സമകാലികാവസ്ഥയെ വിലയിരുത്തുമ്പോൾ, ശാസ്ത്രഭക്ഷണത്തിന്റെ ആധിക്യം കവിതയിൽ വൈജ്ഞാനികാംശം വർധിപ്പിക്കയാണെന്നു ചൂണ്ടിക്കാട്ടി കവിതയുടെ വൈകാരികതയോടുള്ള തന്റെ പക്ഷപാതം കവി തുറന്നുപറയുന്നു. കുടുംബ–സമൂഹജീവിതങ്ങളിൽ ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠസത്യത്തിന് അസ്തിത്വമില്ലെന്നും കവിതയും ഈ യഥാർഥജീവിതം പോലെയാണെന്നും പറയുമ്പോൾ, സാമാന്യബോധത്തിന്റെ ഭാഷയുപയോഗിച്ച് ഇടശ്ശേരി പറയുന്നത് കവിത ഒരു ശാസ്ത്രീയ വ്യവഹാരമല്ല, ദൈനംദിന ജീവിതം പോലെതന്നെ ഒരു പ്രത്യയശാസ്ത്രവ്യവഹാരമാണെന്നാണ്. പുരാണേതിഹാസങ്ങളും ഐതിഹ്യങ്ങളും ശാസ്ത്രത്തിനു മിഥ്യയായേക്കാമെങ്കിലും കവിതയ്ക്ക് അനഘ

മായ ഈടുവെയ്പുകളാണെന്നദ്ദേഹം തുടരുന്നു. 'അഭയംതേടി' എന്ന കവിതയെ ഉദാഹരണമാക്കി, അവിടെ താൻ സ്വജീവിതത്തിന് ഒരു പ്രതീകം വാർത്തെടുക്കുകയായിരുന്നെന്നും, അതിന്റെ അശാസ്ത്രീയത തനിക്ക് പ്രശ്നമല്ലെന്നും, ആ കവിത വായിച്ച് നാലയ്യപ്പന്മാർ കൂടി മലചവിട്ടാൻ പോയെങ്കിൽ അതിന്റെ പുണ്യത്തിനും ക്ളേശത്തിനും തനിക്കു യാതൊരുത്തരവാദിത്തവുമില്ലെന്നും കവി വ്യക്തമാക്കുന്നു. കേവലസത്യത്തെ ഉൾക്കൊണ്ടിരിക്കുമ്പോഴും അസത്യമയങ്ങളായ സങ്കൽപ്പങ്ങളാൽ വികാരവത്താകാൻ കഴിയുന്ന മനുഷ്യമനസ്സിന്റെ കഴിവിനെയാണ് എല്ലാ ഭാവനാവ്യവഹാരങ്ങളും ആശ്രയിക്കുന്നതെന്നും അദ്ദേഹം പറയുന്നു. 'സത്യമായി പ്രവർത്തിക്കാൻ കഴിയുന്ന മിഥ്യയുടെ മണ്ഡലമാണു പ്രത്യയശാസ്ത്ര'മെന്ന അൽത്ത്യുസ്സേറിയൻ കണ്ടെത്തലിന്റെ സാമാന്യഭാഷാന്തരം തന്നെയാണിത്. കവിതയെ സോദ്ദേശ്യമാക്കുന്നത് പാപമല്ലെങ്കിലും 'അളിയുടെ കഴൽ താങ്ങുന്ന ശിരീഷം കിളിയുടെ കാലടി താങ്ങുകയില്ലെ'ന്നദ്ദേഹം അനുസ്മരിപ്പിക്കുന്നു. 'തനിക്കു സമൂഹബോധം പോരെ'ന്നു കവിയോടു തട്ടിക്കയറുന്നതും, എനിക്കു സമൂഹത്തോട് ഒരുത്തരവാദിത്വവുമില്ലെന്നു മറുപടി പറയുന്നതും രണ്ട് അതിവാദങ്ങളാണെന്നും പരാഗണം ഒരു സ്വാഭാവിക പ്രക്രിയയാണെന്നും, പറക്കുന്നു എന്നുവെച്ച് പൂമ്പാററകൾ ബോംബർ വിമാനങ്ങളാവണമെന്നു ശഠിക്കരുതെന്നും കവി ഓർമിപ്പിക്കുന്നു. ആധുനിക കവിതയിലെ ദുർഗ്രഹതയ്ക്കു കാരണം കവിയോ അനുവാചകനോ അല്ലെന്നും 1930-കൾക്കുശേഷം, ഭാഷാകവിതയിലുണ്ടായ പ്രസ്ഥാനങ്ങളെ വിലയിരുത്താനാവശ്യമായ ഒരു കേരളീയ സൗന്ദര്യശാസ്ത്രമില്ലാത്തതാണു പ്രശ്നമെന്നുമുള്ള അതിപ്രധാനമായൊരു നിരീക്ഷണവും ഇവിടെയുണ്ട്. സംസ്കൃതകാവ്യമീമാംസയും പാശ്ചാത്യസൗന്ദര്യശാസ്ത്രവും ഈ കവിതകൾക്കായുദ്ദേശിക്കപ്പെട്ടവയല്ല. ഇന്ത്യയുടെ ആഭ്യന്തര ജീവിതത്തിൽ കാരുണ്യം കള്ളനാണയവും വദാന്യത പൊങ്ങച്ചവുമായ ഒരു കാലഘട്ടത്തെയാണു പുതിയ കവിത സംബോധനചെയ്യുന്നതെന്നും, കുടുംബബന്ധത്തിനകത്തെ സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള അസമത്വമാണ് ജന്മിത്തത്തിന്റെ തകർച്ചയ്ക്കുശേഷമുള്ള ഒരു മുഖ്യ സാമൂഹ്യപ്രശ്നമെന്നും, എങ്കിലും കവി ആനുകാലിക ജീവിതം പ്രതിഫലിപ്പിച്ചാൽ പോരാ ജീവിതം എങ്ങിനെയായിത്തീരണമെന്ന് വിഭാവനം ചെയ്യുകയും വേണമെന്നും ഇടശ്ശേരി പറഞ്ഞുവെക്കുന്നു. എഴുത്തച്ഛനും ആശാനും പ്രണാമമർപ്പിക്കുന്ന കവിതകളിലൂടെ തന്റെ വംശത്തെയെന്നപോലെ കാവ്യസങ്കൽപ്പത്തെയും ഇടശ്ശേരി വ്യക്തമാക്കുന്നതും ഇവിടെ ഓർക്കാവുന്നതാണ്.